LIBRARY ARCHIVES Kerala Legislative Assembly

സൈഡ് വാൾ എന്നിവയുടെ നിർമ്മാണം, 16 വീടുകളുടെ പുനരുദ്ധാരണം എന്നിവയാണ് പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ. പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. കൈപ്പടക്കോണം പുളിയറക്കോണം കോളനിയും പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ആദ്യ ഗഡുവായി 50 ലക്ഷവും രണ്ടാം ഗഡുവായി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം, Irish Drain പുനരുദ്ധാരണം, ബോർവെൽ നിർമ്മാണം, 2 ടാങ്കുകൾ സ്ഥാപിക്കൽ, കുടിവെള്ള വിതരണം, 20 വീടുകളുടെ പുനരുദ്ധാരണം എന്നിവയായിരുന്നു പ്രവൃത്തികൾ.

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു.

അംബേദ്കർ ഗ്രാമം പദ്ധതി

73(2109) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം അനുവദിച്ച പദ്ധതികൾ ഏതെല്ലാം;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായെന്നും ബാക്കിയുള്ളവയുടെ പ്രവർത്തന പുരോഗതിയും അറിയിക്കാമോ?

(എ&ബി) അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

വാമനപുരം മണ്ഡലത്തിലെ പദ്ധതികൾ

74(2110) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടത്തിയ പദ്ധതികളും പരിഷ്കാരങ്ങളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.